## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** **04-03-2025 - ൽ മറുപടിയ്ക്ക്**

## മാരിടൈം ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബീച്ചിനോട് അനുബന്ധിച്ച് മാരിടൈം ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; | (എ) | കോഴിക്കോട് ബീച്ചിന് അനുബന്ധമായുള്ള കേരള മാരിടൈം ബോർഡിന്റെ അധീനതയിലുള്ള പോർട്ട് ബംഗ്ലാവ്, സിഗ്നൽ സ്റ്റേഷൻ, ലൈറ്റ് ഹൗസ്, വാച്ച്മാൻ ഷെഡ്, മർച്ചന്റ് നേവി ക്ലബ്ബ് എന്നീ കെട്ടിടങ്ങളും പോർട്ട് ബംഗ്ലാവിന് സമീപമുള്ള 30 സെന്റ് സ്ഥലം, ഗാന്ധി റോഡിന് എതിർവശമുള്ള 2.5 ഏക്കർ സ്ഥലം, സൗത്ത് പിയറിന് സമീപമുള്ള 2.5 ഏക്കർ സ്ഥലം എന്നിവയും വിവിധ പ്രോജക്ടുകൾക്ക് വേണ്ടി സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |
| (ബി) | മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ നിക്ഷേപം ആകർഷിച്ച് കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള നാല് ഓപ്പറേഷണൽ നോൺ മേജർ തുറമുഖങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കി വരുന്നു. അതോടൊപ്പം പൊന്നാനിയിൽ ഒരു തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പുതുതായി വികസിപ്പിക്കുന്നതിനും സാധ്യത തേടുന്നുണ്ട്. തുറമുഖങ്ങൾക്ക് അനുബന്ധമായുള്ള കെട്ടിടങ്ങളും ഭൂമിയും സ്വകാര്യ പങ്കാളിത്തത്തോടെ ഉപയോഗയോഗ്യമാക്കി അതിലൂടെ സർക്കാരിനും ബോർഡിനും വരുമാനം നേടിത്തരുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം-കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക്/യാത്ര കപ്പലുകൾ അടുപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരളതീരത്ത് കൂടി കടൽ വഴിയുള്ള ചരക്ക് ഗതാഗതം ഊർജ്ജിതമാക്കുന്നതിന് വേണ്ടി കപ്പൽ ചാനലിന്റെ ആഴം വർദ്ധിപ്പിച്ചും അഡീഷണൽ വാർഫ് നിർമ്മിച്ചും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേരള മാരിടൈം ബോർഡിന് കീഴിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ ഫലപ്രദമായി ഉപയോഗിച്ച് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകൃത കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പ്രത്യേകമായി എഞ്ചിനീയറിങ് വിഭാഗം നിലവിലുണ്ടോയെന്ന് അറിയിക്കാമോ? | (സി) | തുറമുഖങ്ങളിലെ യന്ത്ര സാമഗ്രികൾ, ടഗ്ഗുകൾ, ഡ്രെഡ്ജറുകൾ ഇവ പരിപാലിക്കുന്നതിനായി മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം നിലവിലുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബോർഡിനെ സഹായിക്കുവാൻ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെയും നിയോഗിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ